"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ ലൈബ്രേറിയനായി ജോലി ചെയ്യുന്ന ശ്രീ.പി.പ്രഭാഷ് ഫയൽ ചെയ്ത WP(C) No. 5302/2023 കേസിലെ 16.02.2023 തിയതിയിലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം - പാലിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1059/2023/LSGD    തീയതി,തിരുവനന്തപുരം, 19-05-2023

---

പരാമർശം:-

1. ശ്രീ.പി.പ്രഭാഷ് സമർപ്പിച്ച 14.11.2022 തിയതിയിലെ അപേക്ഷ.
2. പഞ്ചായത്ത് ഡയറക്ടറുടെ 8.12.2022 തിയതിയിലെ PAN/8954/2022-E13(DP) നമ്പർ കത്ത്.
3. ബഹു. കേരളാ ഹൈക്കോടതിയുടെ WP(C) No. 5302/2023 കേസിലെ 16.02.2023 തിയതിയിലെ വിധിന്യായം.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ ലൈബ്രേറിയനായി നിയമിച്ച് സേവനത്തിൽ തുടരുന്ന ശ്രീ.പി.പ്രഭാസ്, തന്നെ സ്ഥിരപ്പെടുത്തണമെന്നാവശ്യപെട്ട് ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 5302/2023 കേസിലെ പരാമർശം (3) വിധിന്യായപ്രകാരം, ടിയാൻ സർക്കാർ മുൻപാകെ സമർപ്പിച്ച എക്സിബിറ്റ് പി3 നിവേദനം (പരാമർശം (1)) പരിശോധിച്ച് ടിയാനെയും കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ പ്രതിനിധിയേയും മറ്റ് ബാധിക്കപ്പെട്ടവരുണ്ടെങ്കിൽ അവരേയും നേരിൽ കേട്ട് ഉചിതമായ ഉത്തരവ് Exhibit P2 (G.O(P)No. 170/10/LSGD dated 06.08.2010) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കാൻ സർക്കാരിന് നിർദ്ദേശം നല്കി തീർപ്പാക്കിയിരുന്നു.

കോടതിനിർദ്ദേശപ്രകാരം ശ്രീ.പി.പ്രഭാസിനേയും കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ പ്രതിനിധിയേയും 10.04.2023 രാവിലെ 11.30 ന് നേരിൽ കേൾക്കുകയുണ്ടായി. Exhibit P3 അപേക്ഷയിലും, ഹിയറിംഗ് വേളയിലും ശ്രീ.പ്രഭാഷ് ഉന്നയിച്ച പ്രധാന വാദങ്ങൾ ചുവടെ ചേർക്കുന്നു.

- താൻ കോഴിക്കോട് കുരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ 22 വർഷത്തോളമായി ലൈബ്രേറിയൻ തസ്തികയിൽ ജോലി ചെയ്തു വരുന്നു.
- ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി ജോലി ചെയ്യുന്നതും പത്ത് വർഷം പൂർത്തിയാക്കിയവരുമായ താല്ക്കാലിക / ക്യാഷ്വൽ ജിവനക്കാരെ സ്ഥിരപ്പെടുത്തേണ്ടവരുടെ

ലിസ്റ്റിൽ തന്റെ പേര് ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച വിവരം ഗ്രാമപഞ്ചായത്തിൽ നിന്നും സർക്കാരിന് നല്കിയിട്ടില്ല. ലിസ്റ്റിൽ ഉൾപ്പെടുത്തി തന്റെ സേവനം സ്ഥിരപ്പെടുത്തി നൽകണം.

- G.O(Ms) No.140/14/LSGD ഉത്തരവിൽ പതിനൊന്നിന പരിപാടിയിൽ നിയമനം ലഭിക്കാത്തവരും ഉൾപ്പെട്ടിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ആയതിൻ പ്രകാരം കരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഇ.എം.എസ് സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ലൈബ്രേറിയിൽ ലൈബ്രേറിയനെ നിയമിക്കുന്നതിനായി 27.01.2000 ലെ 94/99(12) നമ്പറായി കരുവട്ടൂർ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിരുന്നുവെന്നും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈബ്രേറിയനെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിക്കുകയും അപേക്ഷ സമർപ്പിച്ചവരിൽ നിന്നും കൂടിക്കാഴ്ചയ്ക്ക് ശേഷം ശ്രീ.പി.പ്രഭാഷ് എന്നവരെ കരുവട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.05.2000 തീയതിയിലെ എ3 902/96 നമ്പർ ഉത്തരവ് പ്രകാരം പ്രതിമാസം 300 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ലൈബ്രേറിയനായി നിയമിക്കുകയും ചെയ്തുവെന്നും ടി നിയമനം 02.06.2000 ലെ 9/2000(17) നമ്പർ തീരുമാനപ്രകാരം കരുവട്ടൂർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതും, 05.05.2000 മുതൽ ടിയാൻ ഹോണറേറിയം വ്യവസ്ഥയിൽ ലൈബ്രേറിയനായി ജോലി ചെയ്തു വരികയുമാണെന്നും അറിയിക്കുകയുണ്ടായി.

03.5.2010 ലെ സ.ഉ.(എം.എസ്) 88/2010/ത.സ്വ.ഭ.വ പ്രകാരം 1988 ൽ സർക്കാർ നടപ്പിലാക്കിയ പതിനൊന്നിന പരിപാടി പ്രകാരം സ്ഥാപിതമായ ഗ്രാമപഞ്ചായത്തുകളിലെ സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ,നഴ്സറി ടീച്ചർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ഹോണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവർ എല്ലാവരും പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായവരല്ലാത്തതിനാലും അത്തരം ജീവനക്കാരെയും പഞ്ചായത്ത് കമ്മിറ്റികൾ സ്ഥിരപ്പെടുത്തുന്നതിനു തീരുമാനിച്ചതിനാലും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സർക്കാർ 31.12.2000 എന്ന കട്ട് ഓഫ് തീയതി നിശ്ചയിച്ച് പ്രസ്തുത തീയതിക്കോ അതിനു മുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 300 ലൈബ്രേറിയൻ, 147 നഴ്സറി ടീച്ചർ, 134 ആയ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി 06.8.2010 ലെ സ.ഉ. (എം.എസ്) 170/2010/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായി. കൂടാതെ 02.08.2014 ലെ സ.ഉ. (എം.എസ്) 140/2014/ത.സ്വ.ഭ.വ പ്രകാരം മേൽ ഉത്തരവിൽ വിട്ടു പോയവരെയും പഞ്ചായത്തുകൾ നഗരസഭകൾ മുൻസിപ്പാലിറ്റികൾ എന്നിവിടങ്ങളിൽ 31.12.2000 തീയതിക്കോ അതിനു മുൻപോ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 19ലൈബ്രേറിയൻ, 19 നഴ്സറി ടീച്ചർ, 11 ആയ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ കരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് സാംസ്കാരികനിലയം പതിനൊന്നിന പരിപാടി പ്രകാരം നിർമ്മിച്ചതല്ലായെന്നും നിലവിലുണ്ടായിരുന്ന കമ്മ്യൂണിറ്റി

റിക്രിയേഷൻ സെന്റർ പൂർണ്ണമായും തകർന്നതിനെത്തുടർന്ന് ജനകീയാസൂത്രണപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇ.എം.എസ് സാംസ്കാരിക നിലയം നിർമ്മിച്ചിട്ടുള്ളതെന്നും ശ്രീ.പി.പ്രഭാഷ് പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻ അല്ലാത്തതിനാലും, അംഗീകൃത തസ്തിക ഇല്ലാതെ തന്നെ ദിവസവേതനാടിസ്ഥാനത്തിൽ തുടർച്ചയായി പാർട്ട് ടൈം, ഫുൾ ടൈം കണ്ടിജന്റ് ജോലി ചെയ്തുവരുന്നതും 30.06.2015 ൽ പത്തു വർഷം പൂർത്തിയായവരും, ഇതുവരെ റഗുലറൈസ് ചെയ്യപ്പെടാത്തതുമായ താൽക്കാലിക / കാഷൽ ജീവനക്കാർ എന്നതിൽ ഉൾപ്പെടാത്തതിനാലുമാണ് ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടാതിരുന്നത് എന്നും പരാമർശം (2) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ബഹു. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് State of Karnataka V Umadevi (AIR 2006 SC 1806) എന്ന കേസിൽ, താൽക്കാലിക അടിസ്ഥാനത്തിൽ/കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച വ്യക്തമായ മാനദണ്ഡവും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പ്രസ്തുത വിധിയിലെ മാനദണ്ഡം പ്രകാരം വിധിന്യായം പുറപ്പെടുവിച്ച 10.04.2006- ൽ താൽകാലിക അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നവരും sanctioned post -ൽ 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരുമായ ജീവനക്കാരെ ഒറ്റ തവണ വ്യവസ്ഥയിൽ സ്ഥിരപ്പെടുത്തി ക്രമീകരിക്കുന്നതിന് മാത്രമാണ് കോടതി അനുമതി നൽകിയിരുന്നത്. തുടർന്ന് ബഹു. സുപ്രീംകോടതി ഡിവിഷൻ ബഞ്ച് Upendra Singh V State of Bihar & Ors (AIR 2018 SC1315) എന്ന കേസിൽ 23.12.2018 -ൽ പുറപ്പെടുവിച്ച വിധിയിൽ ടി UmaDevi കേസിലെ വിധിയെ ശരിവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്.

പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ടവരും 31.12.2000 തിയതിയിലോ അതിനുമുൻപോ സർവ്വീസിലുള്ളവരും ഹോണറേറിയം വ്യവസ്ഥയിൽ തുടരുന്നവരുമായ ലൈബ്രേറിയൻ, ആയ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിനാണ് 6/8/10 ലെ G.O(Ms)No.170/10/LSGD ഉത്തരവ് പ്രകാരവും 02.08.2014 ലെ സ.ഉ.(എം.എസ്)140/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരവും ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നല്കിയിരുന്നത്. ശ്രീ.പി.പ്രഭാഷ് പതിനൊന്നിന പരിപാടിയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻ അല്ലാത്തതിനാൽ മേൽ ഉത്തരവിന്റെ ആനുകൂല്യം നല്കാനാവില്ല. കൂടാതെ താത്കാലിമായിട്ടോ ദിവസവേതന അടിസ്ഥാനത്തിലോ ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് നിലവിലുള്ള കോടതി വിധികൾക്ക് വിരുദ്ധമായി തീരുന്നതും തെറ്റായ കീഴ്വഴക്കം ആകുകയും ചെയ്യും. കൂടാതെ താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടുമില്ല.

മേൽ സാഹചര്യത്തിൽ കരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ 22 വർഷമായി ജോലി ചെയ്തു വരുന്ന ശ്രീ.പി.പ്രഭാഷിനെ സ്ഥിരപ്പെടുത്തണമെന്ന Exhibit P3 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ ബഹു.ഹൈക്കോടതി വിധി ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ.പി.പ്രഭാഷ് ,ലൈബ്രേറിയൻ, കരുവട്ടൂർ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

അഡ്വക്കേറ്റ് ജനറൽ , കേരളം, എറണാകുളം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട് ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/176/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 19-05-2023 12:29:29